(സി-ഇ) പുന്നക്കൽ ജനകീയ സമിതി അത്തരമൊരാവശ്യം ഉന്നയിച്ചിട്ടുണ്ട്. പാലത്തിന്റെ രൂപരേഖ, എസ്റ്റിമേറ്റ് തയ്യാറാക്കൽ തുടങ്ങിയ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ പാലം പണിയണമെന്നാവശ്യം കെ.എസ്.ഇ. ബോർഡ് പരിശോധിച്ചുവരികയാണ്.

വടകര മണ്ഡലത്തിലെ ഓമശ്ശേരിയിലെ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണത്തിന് അനുവദിച്ച കരാർ

130 (3932) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിലെ ഓമശ്ശേരിയിലെ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണത്തിന് ആർക്കാണ് കരാർ അനുവദിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) എപ്പോഴാണ് അവർ പണി ആരംഭിക്കേണ്ടിയിരുന്നത് എന്നും, എന്തെങ്കിലും ജോലി നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ അവിടെ സബ് സ്റ്റേഷന്റെ പണി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മെസേഴ്സ് ആൻഡ്രിക്കൂർ കൽക്കത്ത എന്ന കമ്പനിക്ക്.

(ബി) 18-11-2000-ൽ പ്രസ്തുത സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം കമ്പനിക്ക് കൈമാറി. ഈ തീയതി മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതായിട്ടാണ് കണക്കാക്കുന്നത്. സ്ഥലം നിരപ്പാക്കുന്ന ജോലി ഏകദേശം 60 % പൂർത്തിയായിട്ടുണ്ട്. കൂടാതെ യന്ത്രസാമഗ്രികൾ ഉദ്ദേശം 80% വാങ്ങിയിട്ടുമുണ്ട്.

(സി) കരാർ നൽകിയിട്ടുള്ള കമ്പനിക്ക് തുടർച്ചയായി നോട്ടീസ് നൽകിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള തീയതി ഇനിയും നിശ്ചയിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ബാക്കി പണികൾ വേറെ കോൺട്രാക്ടർ മുഖാന്തിരം ചെയ്യിക്കുവാൻ പരിശ്രമിച്ചുവരുന്നു.

പയമ്പ്ര പ്രദേശത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി

131 (3933) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നമംഗലം മണ്ഡലത്തിലെ പയമ്പ്ര പ്രദേശത്ത് സ്ഥാപിക്കാൻ തീരുമാനിച്ച ട്രാൻസ്ഫോർമർ പ്രസ്തുത പ്രദേശത്ത് സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ട്രാൻസ്ഫോർമർ എന്നത്തേക്ക് ഇവിടെ സ്ഥാപിക്കും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) കക്കോടി ഇലക്ട്രിക്കൽ സെക്ഷനിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീം വർക്കിൽ മുൻഗണനാക്രമമനുസരിച്ച് ഇത് അഞ്ചാമത്തേതാണ്.

(സി) മുൻഗണനാക്രമമനുസരിച്ചും സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ചും പരമാവധി വേഗത്തിൽ പ്രസ്തുത ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതാണ്.

പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷനിലെ സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി

132 (3937) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷനിലെ കുറുപ്പംപടി, വെങ്ങോല, കൂവപ്പടി സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സബ് സ്റ്റേഷനുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കുമോ ;

(സി) പെരുമ്പാവൂർ ഡിവിഷൻ അതിർത്തിയിൽ എവിടെയെല്ലാമാണ് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനകം സ്ഥാപിതമായ ഏതെങ്കിലും ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാകാതെ ഇരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്നും എവിടെയെല്ലാം എന്നും എന്നത്തേക്ക് ഇവ ചാർജ് ചെയ്യുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കുറുപ്പംപടി സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായി. ഈ വർഷം ആഗസ്റ്റിൽ കമ്മീഷൻ ചെയ്യുന്നതാണ്. വെങ്ങോല, കൂവപ്പടി എന്നീ സബ് സ്റ്റേഷനുകൾക്കുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. ഇവയുടെ നിർമ്മാണം 2004-05 വർഷത്തിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) പെരുമ്പാവൂർ ഡിവിഷൻ അതിർത്തിയിൽ ചക്കുപ്പള്ളിച്ചിറ, പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. റോഡ്, കെൻആർ കവല, അയ്ക്കുരി, പിച്ചാനിക്കാട്, ഇരുമ്പും പാറ, കുമുതോ, ചേലകുളം, കുറിച്ചിലക്കോട്, കോടനാട്, ഇലന്തകപ്പിള്ളി, ചെമ്പയ്ക്കോ, നീലേശ്വരം, കുഴിയംപാടം, മണപ്പാട് ചിറ, വേങ്ങൂർ, കാലടി, തുറവൂർ, പൊയ്യകടമ്പാ എന്നീ സ്ഥലങ്ങളിലാണ് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. അംബേദ്കർ കോളനി, ഇളംപിള്ളിച്ചാൽ, അശമന്നൂർ, കാക്കാംകുഴി, കിടങ്ങൂർ എന്നിവിടങ്ങളിൽ സ്ഥാപിതമായ ട്രാൻസ്ഫോർമറുകളാണ് പ്രവർത്തനക്ഷമമാകാതെ ഇരിക്കുന്നത്. പവർ ടെലികോം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭിക്കാത്തതിനാലാണ് ചാർജ് ചെയ്യാത്തത്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനക്ഷമമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly